# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.881 20.03.2013-ൽ മറുപടിക്ക്**

**തലശ്ശേരി മണ്ഡലത്തിലെ ശുദ്ധജലവിതരണം**

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എത്ര നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കമോ ; | (എ) & (ബി) | 6 നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്.<br>1. തലശ്ശേരി മണ്ഡലത്തിൽ പ്പെട്ട ചൊക്ലി, പന്ന്യന്നൂർ,ന്യൂമാഹി ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം (366/വി.ഐ.പി/11/എം (ഡബ്ല്യൂ ആർ)<br>**സ്വീകരിച്ച നടപടി** :ചൊക്ലി, പന്ന്യന്നൂർ, ന്യൂമാഹി പഞ്ചായത്തുകൾ ഉൾ പ്പെടുത്തി ഒരു പുതിയ കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. . തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ടൗണിൽ നിലവിലുള്ള പട്ടർ വയൽ കുടിവെള്ള പദ്ധതി നവീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. (320/വി.ഐ.പി/12/എം (ഡബ്ല്യൂ ആർ)<br>**സ്വീകരിച്ച നടപടി** : നിലവിലുള്ള പട്ടർ വയൽ കുടിവെള്ള പദ്ധതി വിപുലീകരിക്കുന്നതിനു വേണ്ടി ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |

3. തലശ്ശേരി മണ്ഡലത്തിൽ പ്പെട്ട ചൊക്ലി ഗ്രാമ പഞ്ചായത്തിലെ VII-വാർഡിലെ 40 കുടുംബങ്ങളുടെ കടുത്ത കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. (160/വി.ഐ.പി/11/എം (ഡബ്ല്യൂ ആർ)

<u>**സ്വീകരിച്ച നടപടി**</u> : ചൊക്ലി ഗ്രാമ പഞ്ചായത്തിലെ മേനപ്രം ഭാഗത്ത് ശ്രീമതി. എ.കെ. പ്രേമജത്തിന്റെ എം.പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതിയുടെ കിണറും ടാങ്കും പരാതിയിൽ പരാമർശിച്ച സ്ഥലത്തു കൂടി വ്യാപിപ്പിക്കുന്നതിന് പര്യാപ്തമാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏകദേശം 9 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്.

4. തലശ്ശേരി മണ്ഡലത്തിലെ കതിരൂർ, എരഞ്ഞോളി പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാകുന്ന പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. 344/വി.ഐ.പി/11/എം (ഡബ്ല്യൂ ആർ)

<u>**സ്വീകരിച്ച നടപടി**</u> : നബാർഡ് സഹായത്തോടെ നടപ്പിലാക്കിയ അഞ്ചരക്കണ്ടിയ്ക്കും സമീപമുള്ള 10 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ബൃഹത്തായ കുടിവെള്ള പദ്ധതി 28/07/2012 ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പദ്ധതി വഴി കതിരൂർ. എരഞ്ഞോളി പഞ്ചായത്തുകളിൽ ജല വിതരണം നടത്തി വരുന്നുണ്ട്.

5. തലശ്ശേരി മണ്ഡലത്തിലെ ന്യൂമാഹി ഗ്രാമ പഞ്ചായത്തിൽ തീരദേശ കുടിവെള്ള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച വാട്ടർ പൈപ്പിൽ നിന്നും

വാട്ടർ കണക്ഷൻ നൽകാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. (42/വി.ഐ.പി/13/എം (ഡബ്ല്യൂ ആർ)

<u>സ്വീകരിച്ച നടപടി</u> ന്യൂമാഹി പഞ്ചായത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി വൺ ടൈം എ.സി.എ. എന്ന കടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ പമ്പ് ഹൗസിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് തലശ്ശേരി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ആവശ്യമായ ജലം ലഭ്യമാക്കി പ്രസ്തുത പ്രദേശത്ത് ജലവിതരണം നടത്തുന്നതാണ്. നിലവിൽ വാട്ടർ കണക്ഷൻ നൽകുന്നത് നിർത്തിവച്ചത് താത്ക്കാലികമായിട്ടാണ്.

വേനൽക്കാലത്ത് സ്രോതസ്സിലെ ജല ലഭ്യത കുറയുമ്പോൾ എല്ലാ ഭാഗത്തും ജലം നൽകാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടി മാത്രമാണ് വാട്ടർ കണക്ഷൻ നിർത്തി വച്ചിരിക്കുന്നത്. മഴക്കാലം ആരംഭിക്കുന്നതോടുകൂടി സ്രോതസ്സിലെ ജല ലഭ്യതക്കനുസ്സരിച്ച് വാട്ടർ കണക്ഷൻ പുനസ്ഥാപിക്കുന്നതാണ്.

6 തലശ്ശേരി മണ്ഡലത്തിൽ പ്പെട്ട തലശ്ശേരി കടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് താമസംവിനാ നടപടികൾ സ്വീകരിക്കണം. (365/വി.ഐ.പി/11/എം (ഡബ്ല്യൂ ആർ))

**<u>സ്വീകരിച്ച നടപടി</u>** തലശ്ശേരി നഗര സഭയിലേയ്ക്കും സമീപ പഞ്ചായത്തുകളിലേയ്ക്കുമുള്ള നിലവിലുള്ള കടിവെള്ള പദ്ധതിയുടെ ഇടക്കാല വിപുലീകരണ പദ്ധതിയുടെ ഘടകങ്ങളായ ഭൂതല ജലസംഭരണി, പമ്പ് സെറ്റ് സ്ഥാപിക്കൽ, മൂന്ന് പമ്പിംഗ് മെയിൻ എന്നിവ പൂർത്തിയായിട്ടുണ്ട്. ഇതിൽ രണ്ട് പമ്പിംഗ് മെയിനിന്റെ ശേഷിക്കുന്ന പ്രവൃത്തിയായ കൾവർട്ട് ക്രോസിംഗ്, ഇന്റർ കണക്ഷൻ എന്നിവ മുൻകരാറുകാരൻ പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തി വീണ്ടും ടെന്റർ ചെയ്ത് പൂർത്തീകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി എത്രയും പ്പെട്ടെന്ന് പൂർത്തീകരിക്കുന്നതിനായി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ കോണോർ വയലിൽ സ്ഥാപിച്ച ജലസംഭരണിയിലേയ്ക്ക് ജലം എത്തിക്കുന്നത്, തലശ്ശേരി മുനിസിപ്പാലിറ്റിയിലേക്കുള്ള യുഡിസ്മാറ്റ് പദ്ധതിയുടെ ഭാഗമായുള്ള ഗ്രാവിറ്റി മെയിൻ വഴിയാണ്. ഈ പ്രവൃത്തി ഇപ്പോൾ പുരോഗമിച്ച് വരികയാണ്. ആയതിനാൽ ഇടക്കാല വിപുലീകരണ പദ്ധതിയുടെ ഭാഗമായ ഗ്രാവിറ്റിമെയിൻ നടപ്പാക്കേണ്ടതില്ല. യുഡിസ്മാറ്റ് പദ്ധതി പൂർത്തിയാക്കി കോണോർ വയലിലെ ജലസംഭരണിയിൽ ജലം എത്തുന്നതോടുകൂടി മാത്രമേ ഇടക്കാല വിപുലീകരണ പദ്ധതി പ്രവർത്തന ക്ഷമമാകുകയുള്ളൂ.

| | |
|---|---|
| (സി) ഈ സർക്കാർ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ജലവിഭവ വകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിയുടേയും വിശദാംശം വെളിപ്പെടുത്തുമോ;<br>(ഡി) പ്രസ്തുത ഓരോ പദ്ധതിക്കും എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും ആയതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കുമോ ? | (സി) യും (ഡി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ